## മാ*f*മംഗളം താത പരേഷ്വമംസ്ഥാ ഭുംക്തേ ജനോ യത് പരദു:ഖദസ്തത് (4-8-17)

മൈത്രേയൻ തുടർന്നു:
സ്വായംഭുവമനുവിൻെറ രണ്ടു പുത്രന്മാർ, പ്രിയവ്രതനും ഉത്താനപാദനും, ധർമ്മനിഷ്ടയോടെ രാജ്യം ഭരിച്ചു. ഉത്താനപാദന് രണ്ടു ഭാര്യമാരുണ്ടായിരുന്നു. സുനീതിയും സുരുചിയും. പ്രായം കുറഞ്ഞ സുരുചിയായിരുന്നു രാജാവിനു പ്രിയപ്പെട്ടവൾ. ഒരു ദിവസം, സിംഹാസനസ്ഥനായ രാജാവിൻെറ മടിയിൽ സുരുചിയുടെ മകൻ ഉത്തമൻ ഇരിക്കുമ്പോൾ സുനിതിയുടെ മകനായ ധ്രുവൻ അഛൻെറ കൂടെയിരിക്കാൻ ചെന്നു. സുരുചിയാകട്ടെ, അവനെ തടഞ്ഞുനിർത്തി ദേഷ്യപ്പെട്ടു. “രാജാവ് നിൻെറ അഛനാണെങ്കിലും നീ എൻെറ മകനല്ല. അതുകൊണ്ട് സിംഹാസനത്തിലിരിക്കാനുളള അർഹത നിനക്കില്ല. വേണമെങ്കിൽ ഈശ്വരനോട് പ്രാർത്ഥിച്ച് എൻെറ വയറ്റിൽ ജനിച്ചുവന്നാൽ നിനക്ക് സിംഹാസനത്തിനവകാശം തരാം.”

കരഞ്ഞുകൊണ്ട് ധ്രുവൻ അമ്മയുടെ അടുത്തുചെന്നു. സുനീതി അവനെ സമാധാനിപ്പിച്ചു. “മറ്റുളളവർ ക്കെതിരായ ചിന്തകൾ മനസ്സിൽ വയ്ക്കരുത്. കാരണം, മനുഷ്യൻ വിതയ്ക്കുന്നതിൻെറ ഫലംതന്നെയാണ് കൊയ്യുന്നത്. മറ്റൊരാളിൽ വേദനയുണ്ടാക്കുന്നയാൾക്ക് കാലക്രമത്തിൽ അത് തിരിച്ചു കിട്ടുകയും ചെയ്യും. പ്രതികാരം, കാര്യകാരണചക്രത്തിലേക്ക് നമ്മെ കൂടുതൽ ബന്ധിക്കുന്നു. ഭഗവാനിൽ ഹൃദയംനിറഞ്ഞ ഭക്തിയും പ്രേമവും നിറച്ചാൽ നിൻെറ മനോദു:ഖം മാറുന്നതാണ്. അങ്ങിനെയുളള പരിപൂർണ്ണഭക്തിയാലാണ് നിൻെറ മുത്തഛൻെറ അഛൻ ബ്രഹ്മദേവന് സൃഷ്ടി കർമ്മം ചെയ്യുവാനാകുന്നത്. നിൻെറ മുത്തഛനായ സ്വായംഭുവമനുവും ആ പരമാനന്ദം അനുഭവിച്ചയാളത്രേ.”

അമ്മയുടെ വാക്കുകൾ കേട്ട ബലത്തിൽ ധ്രുവൻ കൊട്ടാരംവിട്ട് കാട്ടിലേക്ക് നടന്നു. നാരദമുനി, വഴിയിൽ വെച്ച് ധ്രുവനെ കണ്ടു. കാര്യങ്ങൾ മനസ്സിലാക്കിയ മുനി, ബാലൻെറ മനോദാർഢ്യവും ആത്മാർത്ഥതയും അളക്കാനായി തപ:ശ്ചര്യയുടെ കഷ്ടപ്പാടുകൾ പറഞ്ഞു പിൻതിരിപ്പിക്കാൻ ശ്രമിച്ചു. “മാമുനിമാരും ഋഷികളും പോലും നീയാഗ്രഹിക്കുന്ന ആ ദർശനം കിട്ടാൻ കഴിയാതെ പരാജയപ്പെടുന്നു.” നാരദമുനിയുടെ മുന്നറിയിപ്പു കേട്ടെങ്കിലും ധ്രുവനിൽ അത് മാറ്റമൊന്നുമുണ്ടാക്കിയില്ല. ആ ബാലഹൃദയം മുന്നോട്ടു പോകാൻ തന്നെ ഉറച്ചിരുന്നു. ബാലൻെറ മന:സ്ഥൈര്യത്തിൽ സംപ്രീതനായ മുനി, അനുഗ്രഹം കൊണ്ട് ധ്രുവനെ അഭിഷേകം ചെയ്തു. അദ്ദേഹം പറഞ്ഞു. “യമുനാതീരത്ത് ഏകാന്തമായി ഒരിടത്തു പോകൂ. ദിവസവും മൂന്നുനേരം കുളിച്ച് ആസനസ്ഥനായി ഇന്ദ്രിയങ്ങളെ ശുദ്ധീകരിച്ച്, പ്രാണായാമത്തിലൂടെ മന:ശുദ്ധിവരുത്തി ഭഗവാൻെറ പരമാനന്ദസ്വരൂപം ധ്യാനിക്കണം. ഐശ്വര്യത്തിൻേറയും സൗന്ദര്യത്തിൻേറയും മൂർത്തരൂപമത്രെ ഭഗവാൻ. ഇനിയും നിനക്ക് ഏറ്റവും ഗൂഢമായ ഒരു മന്ത്രം പറഞ്ഞുതരാം. - ഓം നമോ ഭഗവതേ വാസുദേവായ- ഈ മന്ത്രം ഏഴുരാത്രികൾ ഉരുവിടുന്നവന് ആകാശത്തു സഞ്ചരിക്കുന്ന ദിവ്യദേവതകളെ കാണാനാകും. മനസ്സിൽ കല്ലുകൊണ്ടോ മറ്റോ ഉണ്ടാക്കിയ ഒരു ഭഗവൽരൂപത്തെ ധ്യാനിച്ച് ഈ മന്ത്രം ഉരുവിടുക. അങ്ങിനെ പൂജിച്ച് ഭജിക്കുമ്പോൾ ഭഗവാൻ നിൻെറ ആഗ്രഹം സഫലമാക്കിത്തരും.”

ഭാര്യയുടെ ദുഷ്പ്പെരുമാറ്റത്തിൽ ദു:ഖിതനായ ഉത്താനപാദരാജാവിനെ നാരദൻ ചെന്നു കണ്ടു. ധ്രുവൻെറ സുരക്ഷയെപ്പറ്റിയും ഭാവിമഹിമയെപ്പറ്റിയും മുനി രാജാവിനോട് പറഞ്ഞു. ധ്രുവൻ അസാധാരണമായ ഒരു തപസ്സിലേർപ്പെട്ടു. ഒരു മാസം മുഴുവൻ മൂന്നുദിവസമിടവിട്ട് ഫലവർഗ്ഗങ്ങൾ കഴിച്ചും, അടുത്തമാസം ആറുദിവസ മിടവിട്ട് പുൽക്കൊടി ഭക്ഷിച്ചും. മൂന്നാംമാസത്തിൽ ഒൻപതു ദിവസമിടവിട്ട് വെളളം കുടിച്ചും. നാലാം മാസത്തിൽ പന്ത്രണ്ടുദിവസം കൂടുമ്പോൾ ശ്വാസമെടുത്തും അഞ്ചാംമാസത്തിൽ ശരീരധർമ്മങ്ങളെല്ലാ മുപേക്ഷിച്ചും ധ്രുവൻ തീവ്ര തപസ്സനുഷ്ടിച്ചു. ഭഗവാനിൽ സ്വയം വിലീനനായി അവൻ പരമാത്മ സാക്ഷാത്ക്കാരം നേടി. ശ്വാസംപിടിച്ചുനിന്ന ധ്രുവൻ കാരണം ദേവന്മാർ കഷ്ടപ്പെട്ടു. അവർക്കും ശ്വാസം കഴിക്കാനാവാതെ വന്നു. അവർ ഭഗവാനിൽ അഭയം തേടി പ്രാർത്ഥിച്ചു.